ബൈബിൾ – ഖുർആൻ: ഒരു താരതമ്യപഠനം-4

# ദൈവം, സ്വർഗനരകങ്ങൾ

● ഇ.സി സൈമൺ മാസ്റ്റർ

**ദൈവത്തെപ്പറ്റി** പ്രതിപാദിക്കുമ്പോൾ അവന്റെ സ്നേഹം, ശക്തി, കാരുണ്യം, കോപം തുടങ്ങിയ ഗുണവിശേഷങ്ങളെ ക്കുറിച്ച് പൊതുവായ വിവരണങ്ങളേ ബൈബിളിൽ കാണാൻ കഴിയുന്നുള്ളൂ. എന്നാൽ അല്ലാഹുവിന്റെ അപാരമായ കഴിവുകളും മഹാശക്തിയും സ്പഷ്ട മായി വിശദീകരിക്കുന്ന തിരുവചനങ്ങൾ ഖുർആനിൽ പല ഭാഗങ്ങളിലും ആവർ ത്തിച്ചാവർത്തിച്ച് രേഖപ്പെടുത്തിയിരിക്കു ന്നു. ചിലതു മാത്രം ഇവിടെ ഉദ്ധരിക്കട്ടെ:

"അല്ലാഹു; അവനല്ലാതെ ദൈവമി ല്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്ന വൻ; എല്ലാറ്റിനെയും പരിപാലിക്കുന്ന വൻ; മയക്കമോ ഉറക്കമോ അവനെ ബാ ധിക്കുകയില്ല. ആകാശ ഭൂമികളിലുള്ള തൊക്കെയും അവന്റേതാണ്. അവന്റെ അടുക്കൽ അനുവാദമില്ലാതെ ശിപാർശ ചെയ്യാൻ കഴിയുന്നവനാര്? അവരുടെ ഇ ന്നലെകളിലുണ്ടായതും നാളെകളിലു ണ്ടാകാനിരിക്കുന്നതും അവനറിയുന്നു. അവന്റെ അറിവിൽനിന്ന് അവനിച്ഛിക്കു ന്നതല്ലാതെ അവർക്കൊന്നും അറിയാൻ സാധ്യമല്ല. അവന്റെ ആധിപത്യം ആകാ ശഭൂമികളെയാകെ വലയം ചെയ്തു നിൽ ക്കുന്നു. അവയുടെ സംരക്ഷണം അവ നെയൊട്ടും തളർത്തുന്നില്ല. അവൻ അ ത്യുന്നതനും മഹാനുമാണ്" (2:25).

"അവനാണ് അല്ലാഹു. അവനല്ലാ തെ ദൈവമില്ല. കാണുന്നതും കാണാത്ത തും അറിയുന്നവനാണവൻ. അവൻ ദയാ പനും കരുണാമയനുമാണ്.

അവനാണ് അല്ലാഹു. അവനല്ലാ തെ ദൈവമില്ല. രാജാധിരാജൻ; പരമ പ വിത്രൻ, സമാധാനദായകൻ, അഭയദാതാ വ്, മേൽനോട്ടക്കാരൻ, അജയ്യൻ, പരമാ ധികാരി, സർവോന്നതൻ- എല്ലാം അവൻ തന്നെ. ജനം പങ്കുചേർക്കുന്നതിൽ നി ന്നെല്ലാം അല്ലാഹു ഏറെ പരിശുദ്ധനാ ണ്.

അവനാണ് അല്ലാഹു. സ്രഷ്ടാവും നിർമാതാവും രൂപരചയിതാവും അവൻ തന്നെ. വിശിഷ്ട നാമങ്ങളൊക്കെയും അ വന്നുള്ളതാണ്. ആകാശഭൂമികളിലു ള്ളവയെല്ലാം അവന്റെ മഹത്വം കീർത്തി ച്ചുകൊണ്ടിരിക്കുന്നു. അവനാണ് അജ യ്യനും യുക്തിജ്ഞനും" (59: 22-24).

"നാമാണ് നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടും നിങ്ങളതിനെ സത്യമായംഗീക രിക്കാത്തതെന്ത്?

നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെ സംബന്ധിച്ച് ആലോചിച്ചുവോ?

നിങ്ങളാണോ അതിനെ സൃഷ്ടി ക്കുന്നത്? അതോ നാമോ സൃഷ്ടികർമം നിർവഹിക്കുന്നത്?

നിങ്ങൾക്കെല്ലാം മരണം നിശ്ചയി ച്ചതും നാം തന്നെ. നമ്മെ മറികടക്കാനാ വില്ല.

നിങ്ങൾക്കു പകരം നിങ്ങളെ പോ ലുള്ളവരെ ഉണ്ടാക്കാനും നിങ്ങൾക്കറി യാത്തവിധം നിങ്ങളെ വീണ്ടും സൃഷ്ടി ക്കാനും നമുക്കു കഴിയും.

ആദ്യത്തെ സൃഷ്ടിയെ സംബന്ധി ച്ച് നിശ്ചയമായും നിങ്ങൾക്കറിയാമല്ലോ. എന്നിട്ടും നിങ്ങൾ ചിന്തിച്ചു പഠിക്കാത്ത തെന്ത്?

നിങ്ങൾ വിളയിറക്കുന്നതിനെക്കു റിച്ച് ചിന്തിച്ചുവോ?

നിങ്ങളാണോ അതിനെ മുളപ്പിക്കു ന്നത്? അതോ നാമോ മുളപ്പിക്കുന്നവൻ?

നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അതി നെ തുരുമ്പാക്കിമാറ്റുമായിരുന്നു. അ പ്പോൾ നിങ്ങൾ നിരാശയോടെ പറയുമാ യിരുന്നു:

ഞങ്ങൾ കടക്കെണിയിലായല്ലോ.

അതുമല്ല ഞങ്ങൾ ഉപജീവനം വിലക്കപ്പെട്ടവരായിപ്പോയല്ലോ.

നിങ്ങൾ കുടിക്കുന്ന വെള്ളത്തെ ക്കുറിച്ച് ചിന്തിച്ചുവോ?

നിങ്ങളാണോ കാർമുകിലിൽനിന്ന് മഴ പെയ്യിച്ചത്? അതോ നാമോ മഴ പെയ്യി ച്ചവൻ?

നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അതി നെ ഉപ്പുവെള്ളമാക്കി മാറ്റുമായിരുന്നു. എ ന്നിട്ടും നിങ്ങൾ നന്ദി കാണിക്കാത്തതെ ന്ത്?

നിങ്ങൾ കത്തിക്കുന്ന തീയിനെക്കു റിച്ച് ചിന്തിച്ചുവോ?

നിങ്ങളാണോ അതിനുവേണ്ട മര മുണ്ടാക്കിയത്? അതോ നാമോ അത് പട ച്ചുണ്ടാക്കിയത്?

നാമതിനെ ഒരു പാഠമാക്കിയിരിക്കു ന്നു. വഴിപോക്കർക്ക് ജീവിത വിഭവവും.

അതിനാൽ നീ നിന്റെ മഹാനായ നാഥന്റെ നാമം കീർത്തിക്കുക'' (56:57-74).

### സ്വർഗനരകങ്ങൾ

മരണാനന്തരം ചെന്നുപറ്റാൻ ആ രും ആഗ്രഹിക്കുന്ന സ്വർഗം അതിവിശി ഷ്ടമായ ഒരു സ്ഥലം എന്നല്ലാതെ എന്തു കൊണ്ട് അത് അങ്ങനെ ആയി എന്നോ അവിടത്തെ പരമാനന്ദം എങ്ങനെയായി രിക്കുമെന്നോ ഉള്ള വ്യക്തമായ ചിത്രം ബൈബിളിൽനിന്നു ലഭിക്കുന്നില്ല. സ്വർ ഗീയ ജീവിതത്തെപ്പറ്റി യേശു നൽകിയ വിവരണം പരസ്പര വിരുദ്ധമായാണ് ബൈബിളിലെ പുതിയ നിയമഭാഗത്ത് കാണുന്നത്. യേശുവിനോട് ഒരിക്കൽ ചി ലർ ചോദിച്ചു: ഭർത്താവ് മരിച്ച ഒരു സ് ത്രീയെ പിന്നീട് പലരും വിവാഹം ചെയ്യു

കയും എല്ലാഭർത്താക്കന്മാരുടെയും മരണശേഷം അവൾ മരണമടയുകയും ചെയ്തു. മരണാനന്തരം, മരിച്ചവരെല്ലാം ജീവിപ്പിക്കപ്പെടുമ്പോൾ അവൾ ആരുടെ ഭാര്യയായിരിക്കും? യേശു മറുപടി പറഞ്ഞു: വിശുദ്ധ ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു. പുനരുത്ഥാനത്തിൽ അവർ വിവാഹം ചെയ്യുകയോ ചെയ്തു കൊടുക്കുകയോ ഇല്ല. പിന്നെയോ, അവർ സ്വർഗദൂതന്മാരെപ്പോലെയായിരിക്കും" (മത്തായി 22:29,30).

യേശു വിവക്ഷിച്ചത് നമ്മൾ മനസ്സിലാക്കുന്നതുപോലുള്ള ഭൗതിക ശരീരം അവിടെ ഉണ്ടായിരിക്കുകയില്ലെന്നും അതുകൊണ്ട് അവൾക്ക് ഭക്ഷണം, വസ്ത്രം, വിവാഹം മുതലായ ശാരീരികാവശ്യങ്ങൾ ഉണ്ടായിരിക്കുകയില്ലെന്നുമാണ്. എന്നാൽ ദൈവരാജ്യത്തുവെച്ച് ശിഷ്യന്മാരുമൊന്നിച്ച് മുന്തിരിയിൽനിന്നുള്ള വീഞ്ഞ് താൻ കുടിക്കുമെന്ന് മറ്റൊരവസരത്തിൽ യേശു പറഞ്ഞതായും ബൈബിളിൽ കാണാം (മാർക്കോസ് 14:25).

പ്രവാചകനായ യേശു ഒരു പ്രധാനവിഷയത്തിൽ ഇങ്ങനെ രണ്ടുവിധത്തിൽ സംസാരിക്കാൻ ന്യായമില്ല. അദ്ദേഹത്തിന്റെ ജീവിതകാലത്തിനുശേഷം വ്യക്തിപരമായി നേരിട്ടു ബന്ധമില്ലാത്ത ആളുകൾ യേശുവചനങ്ങൾ എഴുതിവെച്ചപ്പോൾ സംഭവിച്ച പിശകുമാകാമിത്.

സാന്ദർഭികമായി ഒരുകാര്യം ഓർമവരുന്നു. ഭൂമിയിലെ ജീവിതകാലത്ത് മുസ്ലിംകൾക്ക് നിരോധിക്കപ്പെട്ട മദ്യം പരലോകത്ത് സ്വർഗീയ പൂന്തോട്ടത്തിൽ അവർക്കു ലഭ്യമാകുമെന്ന് ഖുർആൻ പറയുന്നതിന് ന്യായീകരണമെന്ത് എന്ന് ചില ക്രൈസ്തവ സുഹൃത്തുക്കൾ പരിഹസിക്കുന്നത് കേട്ടിട്ടുണ്ട്. എന്നാൽ സ്വർഗീയ സുഖവിഭവങ്ങളുടെ കൂട്ടത്തിൽ പറയുന്ന വീഞ്ഞ് ഭൂമിയിലേതുമായി താരതമ്യം ചെയ്യാനാവാത്തതാണെന്ന് മനസ്സിലാക്കാത്തതാണ് ഈ പരിഹാസത്തിന് അടിസ്ഥാനം. ആ സ്വർഗീയ പാനീയം ലഹരി പിടിപ്പിക്കുന്നതോ തലവേദനയോ മറ്റു പാർശ്വഫലങ്ങളോ ഉണ്ടാക്കുന്നതല്ലെന്നും പ്രത്യേകം പറയുന്നുണ്ട്.

"സവിശേഷമായ ഉറവുവെള്ളം നിറച്ച കോപ്പകൾ അവർക്കിടയിൽ കറങ്ങിക്കൊണ്ടിരിക്കും. വെളുത്തതും കുടിക്കുന്നവർക്ക് അത്യധികം ആസ്വാദ്യകരവുമായ പാനീയം. അത് ദേഹത്തിനൊട്ടും ദോഷം വരുത്തില്ല. അതുവഴി അവർക്ക് ലഹരി ബാധിക്കുകയുമില്ല" (37:45–47).

സ്വർഗത്തിൽ എല്ലാവരും ശരീരമില്ലാത്ത അവസ്ഥയിലായിരിക്കുമെന്ന് ബൈബിൾ പറയുമ്പോൾ അതിനോട് തീർത്തും വിരുദ്ധമാണ് ഖുർആൻ പ്രസ്താവങ്ങൾ. ഭൂമിയിൽ മനുഷ്യൻ ലഭിക്കാനാഗ്രഹിക്കുന്ന എല്ലാത്തരം വസ്തുക്കളുടെയും ഏറ്റവും നല്ലതും ഉത്തമവുമായത് ഇഷ്ടാനുസരണം ലഭ്യമാണ് അവിടെ. ഭക്ഷ്യപദാർഥങ്ങളായ പഴവർഗങ്ങൾ, മാംസം, ശുദ്ധജലം, പട്ടുവസ്ത്രങ്ങൾ, സുന്ദരമായ മണിമന്ദിരങ്ങൾ എല്ലാം അവിടെ സുലഭം. അതിനെല്ലാം മീതെ മനസ്സിനിണങ്ങിയ സമവയസ്കരായ ഇണകളൊന്നിച്ചുള്ള സന്തുഷ്ട ജീവിതവും ദൈവിക സാമീപ്യവും. ഇതാണ് ഖുർആനിലെ സ്വർഗം. അതിനെപ്പറ്റി അല്ലാഹുവിന്റെ വാഗ്ദാനം ഇങ്ങനെ:

"സത്യവിശ്വാസികളായ സ്ത്രീപുരുഷന്മാർക്ക് അല്ലാഹു താഴ്ഭാഗത്തുകൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നു. അവരവിടെ സ്ഥിരവാസികളായിരിക്കും. നിത്യവാസത്തിനുള്ള ആ സ്വർഗീയാരാമങ്ങളിൽ അവർക്ക് ശ്രേഷ്ഠമായ പാർപ്പിടങ്ങളുണ്ട്; സർവോപരി അല്ലാഹുവിന്റെ നിറഞ്ഞ പ്രീതിയും. അതെത്ര മഹത്തരം! ഉജ്വലമായ വിജയവും അതുതന്നെ" (9:72).

"അവർ പൊന്നുനൂലുകൊണ്ടുണ്ടാക്കിയ കട്ടിലുകളിലായിരിക്കും. അവയിലവർ മുഖാമുഖം ചാരിയിരിക്കുന്നവരായിരിക്കും. നിത്യബാല്യം നേടിയവർ അവർക്കിടയിൽ ചുറ്റിക്കറങ്ങും. സ്വർഗീയ പാനീയം നിറച്ച കോപ്പകളും കൂജകളും ചഷകങ്ങളുമായി. അതവർക്ക് തലകറക്കമോ ലഹരിയോ ഉണ്ടാക്കുകയില്ല. ഇഷ്ടാനുസരണം തെരഞ്ഞെടുക്കാൻ അവർക്കവിടെ പലയിനം പഴങ്ങളുമുണ്ടായിരിക്കും. അവരാഗ്രഹിക്കുന്ന പക്ഷിമാംസങ്ങളും. വിശാലാക്ഷികളായ സുന്ദരിമാരും. അവരോ ശ്രദ്ധയോടെ സൂക്ഷിക്കപ്പെട്ട മുത്തുപോലെ വിശുദ്ധിയാർന്നവർ. ഇതൊക്കെയും അവർ പ്രവർത്തിച്ചതിന്റെ പ്രതിഫലമായാണ് അവർക്ക് ലഭിക്കുക. അവരവിടെ അപശബ്ദങ്ങളോ പാപവാക്കുകളോ കേൾക്കുകയില്ല. സമാധാനം! സമാധാനം എന്ന അഭിവാദ്യമല്ലാതെ" (56:15–26).

"നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷപൂർവം സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക.

സ്വർണത്താലങ്ങളും കോപ്പകളും അവർക്കു ചുറ്റും കറങ്ങിക്കൊണ്ടിരിക്കും. മനസ്സു മോഹിക്കുന്നതും കണ്ണുകൾക്ക് ആനന്ദകരമായതുമൊക്കെ അവിടെ കിട്ടും. നിങ്ങളവിടെ നിത്യവാസികളായിരിക്കും.

നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി നിങ്ങൾ ഈ സ്വർഗത്തിനവകാശികളായിത്തീർന്നിരിക്കുന്നു.

നിങ്ങൾക്കതിൽ ധാരാളം പഴങ്ങളുണ്ട്. അതിൽനിന്ന് ഇഷ്ടം പോലെ ഭക്ഷിക്കാം" (43:70–73).

സ്വർഗം എന്തുകൊണ്ട് എല്ലാവർക്കും ഇത്ര അത്യാകർഷകമായി എന്ന് അവിടത്തെ സുഖസൗകര്യങ്ങൾ എടുത്തുകാട്ടി ഖുർആൻ വിവരിക്കുമ്പോൾ, അവിടെ ലഭിക്കാവുന്ന മഹത്തായ സൗഭാഗ്യജീവിതത്തെപ്പറ്റി പൊതുവായും നിറംമങ്ങി അവ്യക്തവുമായ ചിത്രങ്ങളാണ് ബൈബിളിൽനിന്ന് ലഭിക്കുക. സ്വർഗത്തെപ്പറ്റി യേശു ഇങ്ങനെ പരിചയപ്പെടുത്തുന്നു:

"സ്വർഗരാജ്യം, വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്കു തുല്യം. അതു കണ്ടെത്തുന്നവൻ അതു മറച്ചുവെക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നു. വീണ്ടും, സ്വർഗരാജ്യം നല്ല രത്നങ്ങൾ തേടുന്ന വ്യാപാരിക്കു തുല്യം. അവൻ വിലയേറിയ ഒരു രത്നം കണ്ടെത്തുമ്പോൾ പോയി, തനിക്കുള്ളതെല്ലാം വിറ്റ് അത് വാങ്ങുന്നു.

സ്വർഗരാജ്യം, എല്ലാത്തരം മത്സ്യങ്ങളെയും ശേഖരിക്കാൻ കടലിൽ എറിയപ്പെട്ട വലക്കു തുല്യം. വല നിറഞ്ഞപ്പോൾ അവർ അത് കരക്കു വലിച്ചുകയറ്റി. അവർ അവിടെയിരുന്ന് നല്ല മത്സ്യങ്ങൾ പാത്രത്തിൽ ശേഖരിക്കുകയും ചീത്ത മത്സ്യങ്ങൾ പുറത്തേക്ക് എറിയുകയും ചെയ്തു. യുഗാന്തത്തിലും ഇതുപോലെ സംഭവിക്കും. ദൈവദൂതന്മാർ ദുഷ്ടന്മാരെ നീതിമാന്മാരിൽനിന്ന് വേർതിരിക്കുകയും അഗ്നികുണ്ഡത്തിലേക്ക് എറിയുകയും ചെയ്യും.അവിടെ വിലാപവും പല്ലുകടിയുമായിരിക്കും" (മത്തായി 13:44–50).

മറ്റൊരുപമ അവൻ അവരോടു പറഞ്ഞു: ഒരുവൻ വയലിൽ നല്ല വിത്തു വിതക്കുന്നതിനോട് സ്വർഗരാജ്യത്തെ ഉപമിക്കാം. ആളുകൾ ഉറക്കമായപ്പോൾ അവന്റെ ശത്രു വന്ന്, ഗോതമ്പിനിടയിൽ കള വിതച്ചിട്ട് കടന്നുകളഞ്ഞു. ചെടികൾ വളർന്ന് കതിരായപ്പോൾ കളകളും പ്രത്യക്ഷപ്പെട്ടു. വേലക്കാർ ചെന്ന് വീട്ടുടമസ്ഥനോട് ചോദിച്ചു: യജമാനനേ, നീ വയലിൽ നല്ല വിത്തല്ലേ വിതച്ചത്? പിന്നെ കളകളുണ്ടായത് എവിടെ നിന്ന്? അവൻ പറഞ്ഞു: ശത്രുവാണ് ഇതു ചെയ്തത്. വേലക്കാർ ചോദിച്ചു: ഞങ്ങൾ പോയി കളകൾ പറിച്ചുകൂട്ടട്ടേ? അവൻ പറഞ്ഞു: വേണ്ടാ. കളകൾ പറിച്ചെടുക്കുമ്പോൾ അവയോടൊപ്പം ഗോതമ്പ് ചെടികളും നിങ്ങൾ പിഴുതു കളഞ്ഞെന്നുവരും. കൊയ്ത്തുവരെ അവ രണ്ടും ഒരുമിച്ചു വളരട്ടെ. കൊയ്ത്തു കാലത്ത് ഞാൻ കൊയ്ത്തുകാരോടു പറയാം: ആദ്യമേ കളകൾ ശേഖരിച്ച് തീയിൽ ചുട്ടുകളയുവാൻ അവ കെട്ടുകളാക്കി വെക്കുവിൻ;

ഗോതമ്പ് എന്റെ ധാന്യപ്പുരയിൽ സംഭരിക്കുവിൻ (മത്തായി 13:24-30).

ഇത്തരം ധാരാളം ഉപമകൾ യേശു പറഞ്ഞതായി ബൈബിളിൽ കാണാം.

നരകത്തെപ്പറ്റിയും ബൈബിളിൽ വ്യക്തമായ വിശദീകരണങ്ങളില്ല. സ്വർഗീയ സുഖ ജീവിതമനുഭവിക്കുന്നതിനു പര്യാപ്തമായ ശരീരം സ്വർഗത്തിൽ ഉണ്ടായിരിക്കുന്നതു പോലെ നരകജീവിതത്തിന്റെ ദുഃഖങ്ങളും ദുരിതങ്ങളും അനുഭവിച്ചറിയുന്നതിനുള്ള ശരീരം നരകത്തിലും ഉണ്ടായിരിക്കുമെന്നാണ് ഖുർആൻ ഉറപ്പിച്ചുപറയുന്നത്. നരകയാതന കളെയും അവിടെ അനുഭവിക്കേണ്ടിവരാവുന്ന അതികഠിനമായ ശാരീരിക പീഡനങ്ങ ളെയും പറ്റി ഖുർആനിൽ പല ഭാഗത്തായി ധാരാളമുണ്ട് വിശദീകരണങ്ങളും വിവരണങ്ങ ളും. അവയിൽ ചിലത് ഇങ്ങനെ:

"നമ്മുടെ പ്രമാണങ്ങളെ തള്ളിക്കളഞ്ഞവരെ നാം നരകത്തീയിലെറിയും; തീർച്ച. അവരുടെ തൊലി വെന്തുരുകുംതോറും അവർക്ക് പുതിയ തൊലി മാറ്റിക്കൊടുത്തുകൊ ണ്ടിരിക്കും. തുടർന്നും അവർ ശിക്ഷ അനുഭവിക്കാൻ. സംശയമില്ല; അല്ലാഹു പ്രതാപിയും യുക്തിമാനും തന്നെ" (4:56).

"ഇതോ അതോ സഖൂം മരമോ ഏതാണ് ഉത്തമമായ സൽക്കാരം? തീർച്ചയായും നാമതിനെ അക്രമികൾക്കൊരു പരീക്ഷണമാക്കിയിരിക്കുന്നു.

നരകത്തിന്റെ അടിത്തട്ടിൽനിന്ന് മുളച്ചുപൊങ്ങുന്ന മരമാണത്. അതിന്റെ കുലകൾ ചെകുത്താന്റെ തലകൾ പോലിരിക്കും. നരകവാസികൾ അത് തിന്നും. അങ്ങനെ അതു കൊണ്ട് അവർ വയറ് നിറക്കും.

തുടർന്ന് അവർക്ക് അതിനു മീതെ കുടിക്കാൻ ചുട്ടുപൊള്ളുന്ന വെള്ളമാണ് കിട്ടുക. പിന്നെ തീർച്ചയായും അവരുടെ മടക്കം നരകത്തീയിലേക്കുതന്നെ" (37:62-68).

(തുടരും)